**അറിയിപ്പ്**

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയിലേയ്ക്ക് ഒരു കാര്യം കൊണ്ടുവരാൻ ആഗ്രഹിക്കുന്നു. ഇന്ന് വൈകുന്നേരം 06.00 മണിക്ക് ബഹുമാനപ്പെട്ട ഗവർണറുടെ പരിപാടി മെമ്പേഴ്സ് ലോഞ്ചിൽ നിശ്ചയിച്ചിരിക്കുകയാണ്. അഞ്ച് ബില്ലുകൾ സഭ പരിഗണിക്കാനുണ്ട്. ഇരുപതുപേർ അഞ്ച് ബില്ലുകളിലുമായി സംസാരിക്കാനുമുണ്ട്. ഇന്ന് അടിയന്തരപ്രമേയം സാധാരണയിൽ കൂടുതൽ സമയം എടുത്തിരിക്കുന്നു. ഇതിനകം തന്നെ സമയം വളരെ അധികരിച്ചിരിക്കുകയാണ്. അതുകൊണ്ട് ശ്രദ്ധക്ഷണിക്കൽ, സബ്മിഷൻ, ബില്ലുകളുടെ ചർച്ച ഇതെല്ലാം കർശനമായി സംക്ഷിപ്തമാക്കേണ്ടതുണ്ട്. അതുകൊണ്ട് എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അംഗങ്ങൾ സബ്മിഷനുകൾ ഒരുമിനിട്ടിൽ അവതരിപ്പിക്കുകയും ഒരു മിനിട്ടിൽ മന്ത്രിമാർ മറുപടി പറയുകയും ചെയ്യണം. ദീർഘമാണെങ്കിൽ മേശപ്പുറത്തുവയ്ക്കണം. ബഹുമാനപ്പെട്ട അംഗങ്ങളും മന്ത്രിമാരും സഹകരിക്കണം. ഗവർണറുടെ പരിപാടി നിശ്ചയിച്ചിരിക്കുകയാണ്. അല്ലെങ്കിൽ അതിനെ അത് ബാധിക്കും.

(ശ്രദ്ധക്ഷണിക്കൽ)

Uncorrected/Not for Publication
1.11.2021